**യൂണിയൻ ഹയർ സെക്കന്ററി സ്ക്കൂൾ മാമ്പ്ര**
**എരയാംകുടി പി.ഒ., പിൻ-680308**

# ദ്യുതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025**

# <u>ആമുഖം</u>

## യൂണിയൻ ഹയർ സെക്കന്ററി സ്ക്കൂൾ മാമ്പ്ര

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, എറണാകുളം ജില്ലകളുമായി അതിർത്തി പങ്കിടുന്ന അതിമനോഹരമായ മാമ്പ്ര എന്ന ഗ്രാമത്തിലാണ് യൂണിയൻ ഹയർ സെക്കണ്ടറി സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. 1954 ൽ പ്രൈമറി സ്കൂളായി പ്രവർത്തനമാരംഭിച്ച ഇവിടെ ഇപ്പോൾ പ്രീമൈറി മുതൽ ഹയർസെക്കണ്ടറി തലം വരെ എത്തി നിൽക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായനായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ആണ് ഈ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും മുന്നോട്ടുള്ള ദിശാസൂചി നൽകിയതും എന്നത് തന്നെ ചരിത്രപരമായി കേരളത്തിൽ ഈ സ്കൂളിനെ അടയാളപ്പെടുത്തുന്നു.

പാഠ്യപദ്ധതിയിൽ ഊന്നി എന്നാൽ വ്യത്യസ്തങ്ങളായ പഠനപ്രവർത്തനരീതികളിലൂടെ, അക്കാദമികവും എന്നാൽ അതിനപ്പുമുള്ള തലങ്ങളിലൂടെയും വിദ്യാർത്ഥികളുടേയും നാടിന്റേയും സ്പന്ദനമായി മാറാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. തുടർച്ചയായി 10 വർഷത്തിലധികമായി എസ്.എൽ.എൽ.സി. പരീക്ഷയിൽ 100 % വിജയം കൈവരിക്കാൻ സ്കൂളിനായി, ഹയർസെക്കണ്ടറിയ്ക്കാവട്ടെ 90% മോ അതിനു മുകളിലോ ആണ് 1991 മുതലുള്ള പൊതു പരീക്ഷാ വിജയം എന്നതും എടുത്ത് പറയേണ്ടത് തന്നെ.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൃത്യവും വ്യക്തവുമായ ആസൂത്രണത്തോടെയുള്ള പ്രാധാന്യം നൽകുന്നതോടൊപ്പം പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, കൗൺസിലിന് എന്നിവയ്ക്കും ഗൗരവതരമായ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ പെൺക്കുട്ടികളുടെ ശാക്തീകരണത്തിനുതകുന്ന തരത്തിലുള്ള പരിശീലന പരിപാടികളും കൃത്യമായ സമയക്രമത്തിൽ നൽകി വരുന്നുണ്ട്.

കൃത്യമായ ചിട്ടയോട് കൂടിയുള്ള ആസൂത്രണത്തിൽ മുന്നോട്ട് പോകുന്ന അക്കാദമികവും, സ്പോർട്ട്, ആർട്ട്സ് എന്നി അനക്കാദിമവുമായ പ്രവർത്തനങ്ങൾക്ക് വേണ്ട പിന്തുണ സംവിധാനമൊരുക്കുന്ന ശക്തമായ പി.ടി.എ. ഇവിടെ പ്രവർത്തിക്കുന്നുണ്ട. ആവശ്യമായ സാഹചര്യങ്ങളിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, നാട്ടുകാർ, ക്ലാസുകൾ മുതലായ സന്നദ്ധസേവനസംഘടനകൾ എന്നിവയുടെ സഹകരണം ഉറപ്പ് വരുത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്കൂളിന്റെ ദൈനദിന പ്രവർത്തനങ്ങൾക്കും, ആവശ്യസന്ദർഭങ്ങളിൽ ഗസ്റ്റ് അധ്യാപകർ, ശുചീകരണ പ്രവർത്തകർ എന്നിവർക്ക് വേതനം നൽകുന്നതിനും, വേണ്ട സമയങ്ങളിലും ഈ കൃത്യമായ ഇടപെടലുകൾക്കും ഉതകുന്ന, പ്രാപ്തിയുള്ള, ഒരു മാനേജ്മെന്റ് സംവിധാനവും ഇവിടെയുണ്ട്. സ്കൂളിനെ ഭൗതികസാഹചര്യങ്ങൾ സുഗമമായി നില നിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഇവിടെ മാനേജ്മെന്റ് പ്രതിജ്ഞാബന്ധമാണ് എന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

ഇതിനെല്ലാംപുറമേ സ്കൂൾ ഗ്രൗണ്ടിന്റെ ഒരു ഒഴിഞ്ഞ ഭാഗത്തായി കേരള വനം വകുപ്പ് ഒരുക്കിയിരിക്കുന്ന വിദ്യാവനം നാടിന്റേയും കുട്ടികളുടേയും ഓക്സിജൻ നിലവറയായിമാറിയിരിക്കുകയാണ് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം എന്ന ആശയം ഇവിടെ അരക്കിട്ടുറപ്പിച്ചിരിക്കുന്നു. വിദ്യാർത്ഥികൾ പ്ര്യകൃതിയോടിണങ്ങി ജീവിക്കാനും പ്ര്യകൃതിയേയും മറ്റ് ജീവജാലങ്ങളേയും സ്നേഹിക്കാനും ഇതിലും നല്ല ഒരു തുറന്ന പാഠപുസ്തകം വേറെയുണ്ടാവില്ല.

കൂടാതെ പരിസ്ഥിതി ക്ലബ്ബ് തുടങ്ങിയുള്ള വിവിധ ക്ലബ്ബുകൾ, റെഡ്ക്രോസ് തുടങ്ങിയവും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ വിജയം എന്നിതിലുപരി ഉപജില്ല- ജില്ല- സംസ്ഥാനതലങ്ങളിൽ വിവിധ പരിപാടികളിൽ നേട്ടം കൊയ്യാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട.

തികച്ചും ഗ്രാമപ്രദേശമായിരുന്നിട്ടും, ചുറ്റുപാടും നിരവധി സ്കൂളുകൾ ഉണ്ടായിട്ടും കുട്ടികളുടെ എണ്ണത്തിൽ ഇതുവരെ കാര്യമായ കുറവുണ്ടായിട്ടില്ല എന്നത് സ്കൂളിന്റെ കൃത്യമായ പ്രവർത്തനമികവിനെ സൂചിപ്പിക്കുന്നു. ഉയർന്ന വിദ്യാഭ്യാസയോഗ്യതയും അർപ്പണമനോഭാവവും ഉള്ള ആത്മാർത്ഥതയുള്ള അധ്യാപകരും വേണ്ട പിന്തുണ്ട സംവിധാനമൊരുക്കുന്ന പിടിഎ യും വിദ്യാർത്ഥികളുടെ നന്മയ്ക്കുതകുന്ന ഏത് പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന മാനേജ്മെന്റ് തന്നെയാണ് സ്കൂളിന്റെ ഇന്നത്തെ ഈ സൂര്യതേജസ്സിന് ശോഭ നൽകുന്നത് എന്ന് അസന്നിഗ്ധമായി പറയാൻ കഴിയും. ഈ സംവിധാനങ്ങളെ കൃത്യമായുള്ള യോഗപ്പെടുത്താനുള്ള വിവേചന ബുദ്ധിയും പഠന ജിജ്ഞായുമുള്ള കട്ടികളാണ് സ്കൂളിന്റെ ഏറ്റവും വലിയ സമ്പത്ത് എന്നും പറയാതെവയ്യ.

പാഠ്യപദ്ധതിയെ മുൻനിർത്തി, സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളെകൂടി പരിഗണിച്ച്, വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിക്കുതകും വിധമുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് സ്കൂൾ ഈ വർഷം മുന്നോട്ട് വയ്ക്കുന്നത്. മേൽപറഞ്ഞ എല്ലാ പിന്തുണാ സംവിധാനങ്ങളിലും സജീവമായി ചർച്ച ചെയ്ത് അംഗീകരിച്ച പദ്ധതികളാണ് ഇതിൽ പറഞ്ഞിട്ടുള്ളത് എന്നും പറഞ്ഞ് വയ്ക്കട്ടെ.

# മാമ്പ്ര യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ ചരിത്രം

കൊരട്ടി റെയിൽവെസ്റ്റേഷനിൽ നിന്നും ഉദ്ദേശം 5 കി.മീ. തെക്കുപടിഞ്ഞാറുമാറി ചാലക്കുടിപുഴയുടെ പാർശ്വഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് മാമ്പ്ര. 1954 ജൂൺ 7-ാം തിയ്യതി ഇവിടെ ഒരു പ്രാഥമിക വിദ്യാലയം ഉടലെടുത്തു. പരേതനായ ശ്രീമാൻ പനമ്പിള്ളി മേനോന്റെ അകമഴിഞ്ഞ പരിശ്രമം കൊണ്ടാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. വിദ്യാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതും അദ്ദേഹം തന്നെയായിരുന്നു.

നാല് 1-ാം ക്ലാസും ഒരു 2-ാം ക്ലാസുമായാണ് സ്കൂൾ ആരംഭിച്ചത്. 200-ഓളം കുട്ടികൾ, ശ്രീമാൻ പുളിക്കൽ അടിമക്കുഞ്ഞി സാഹിബിന്റെ പങ്ങപ്പന്തൽ നടത്തിയിരുന്ന കെട്ടിടം, പരേതനായ കോയിക്കര ശ്രീ. ലോനപ്പൻ അവർകളുടെ വീടിന്റെ ഒരു ഭാഗം സ്കൂൾ മാനേജരായിരുന്ന ശ്രീമാൻ പി.ടി.വേലായുധന്റെ റേഷൻ കട ഇരിക്കുന്ന കെട്ടിടം ഇങ്ങനെ മൂന്ന് സ്ഥലങ്ങളിലായിട്ടാണ് അന്ന് രണ്ടി മാസത്തോളം 5 ക്ലാസുകൾ നടത്തിയത്.

സ്ഥലത്തെ ഒരു പൊതുകാര്യ പ്രസക്തനായ ശ്രീമാൻ പി.ടി. വേലായുധനായിരുന്ന സ്കൂളിന്റെ പ്രഥമ മാനേജർ മാമ്പ്ര എരയാംകുടി വിദ്യാഭ്യാസ യൂണിയൻ എന്ന സംഘടനയുടെ വകയാണ് സ്കൂൾ. അതുകൊണ്ട് തന്നെ സ്കൂളിന്റെ പേര് യൂണിയൻ എൽ.പി. എസ്. മാമ്പ്ര എന്നായി.

1958 ൽ ശ്രീ. പി.പി. ഉമ്മർക്കോയ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് യു.പി. സ്കൂളായും 1964 ൽ ശ്രീ. ആർ. ശങ്കർ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1954 ൽ തുടങ്ങിയ ഈ വിദ്യാലയം 1973 - 74- ൽ ഭരണസൗകര്യത്തിനായി എൽ.പി.എച്ച്.എസ്. എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. ശ്രീ. കെ. ചന്ദ്രശേഖരൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് ഹയർ സെക്കന്ററി അനുവദിക്കപ്പെട്ടു. സ്കൂൾ ആരംഭിച്ചു.

# മാമ്പ്ര യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ ചരിത്രം

കൊരട്ടി റെയിൽവേ സ്റ്റേഷനിൽ നിന്നും ഉദ്ദേശം 5 കി.മീ തെക്കുപടിഞ്ഞാറു മാറി ചാലക്കുടി പുഴയുടെ പാർശ്വഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് മാമ്പ്ര. 1954 ജൂൺ 7 -ാം തിയ്യതി ഇവിടെ ഒരു പ്രാഥമിക വിദ്യാലയം ഉടലെടുത്തു. പരേതനായ ശ്രീമാൻ പനമ്പിള്ളി മേനോന്റ് അകമഴിഞ്ഞ പരിശ്രമംകൊണ്ടാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. വിദ്യാലത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതും അദ്ദേഹം തന്നെയായിരുന്നു.

നാല് 1-ാം ക്ലാസ്സും ഒരു 2-ാം ക്ലാസുമായാണ് സ്കൂൾ ആരംഭിച്ചത്. 200 ഓളം കുട്ടികൾ ശ്രീമാൻ പുളിക്കൽ അടിമക്കുഞ്ഞി സാഹിബിന്റെ പങ്ങപന്തൽ നടത്തിയിരുന്ന കെട്ടിടം, പരേതനായ കോയിക്കര ശ്രീ ലോനപ്പൻ അവർകളുടെ വീടിന്റെ ഒരു ഭാഗം സ്കൂൾ മാനേജരായിരുന്ന ശ്രീമാൻ, പി.ടി. വേലായുധന്റെ റേഷൻ കട ഇരിക്കുന്ന കെട്ടിടം ഇങ്ങനെ മൂന്ന് സ്ഥലങ്ങളിലായിട്ടാണ് അന്ന് രണ്ട് മാസത്തോളം 5 ക്ലാസുകൾ നടത്തിയത്.

സ്ഥലത്തെ ഒരു പൊതുകാര്യ പ്രസക്തനായ ശ്രീമാൻ പി.ടി. വേലായുധനായിരുന്നു. സ്കൂളിന്റെ പ്രഥമ മാനേജർ മാമ്പ്ര എരയാംകുടിവിദ്യാഭ്യാസ യൂണിയൻ എന്ന ഒരു ഘടനയുടെ വകയാണ് സ്കൂൾ അതുകൊണ്ട് തന്നെ സ്കൂളിന്റെ പേര് യൂണിയൻ എൽ.പി.എസ്. മാമ്പ്ര എന്നായി.

1958 ൽ ശ്രീ. പി.പി. ഉമ്മർക്കോയ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് യു.പി. സ്കൂളായും 1964 ൽ ശ്രീ .ആർ.ശങ്കർ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1954 ൽ തുടങ്ങിയ ഈ വിദ്യാലയം 1973 – 74 ൽ ഭരണസൗകര്യത്തിനായി എൽ.പി., എച്ച്.എസ്. എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. ശ്രീ. കെ.ചന്ദ്രശേഖരൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് ഹയർ സെക്കന്ററി അനുവദിക്കപ്പെട്ടു. സ്കൂൾ ആരംഭിച്ചതുമുതൽ മികവുകളുടെ ചരിത്രമാണ് സ്കൂളിനുള്ളത് സ്കൂളിനുള്ളത്.

# മാട്രപ്ര യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ- ഇന്ന്

40 ഹയർ സെക്കന്ററി അധ്യാപകരും 30 ഹൈസ്ക്കൂൾ അധ്യാപകരും 10 പ്രൈമറി അധ്യാപകരും 6 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ് മൂന്ന് വിഭാഗങ്ങളിലായി 1500 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. ഹയർ സെക്കന്ററിയിൽ സയൻസ് വിഭാഗത്തിൽ 3 ബാച്ചുകളും കേമേഴ്സ്, ഹ്യുമാനിറ്റിക്സ് വിഭാഗത്തിൽ 2 ബാച്ചുകളും കമ്പൂട്ടർ വിഭാഗത്തിൽ 1 ബാച്ചും ഉണ്ട്. ഔഷധ സസ്യങ്ങളാൽ നിറഞ്ഞു നിൽക്കുന്ന പച്ചപ്പു നിറഞ്ഞ സ്ക്കൂൾ പരിസരം വിശാലമായ കളിസ്ഥലം ആരേയും ആകർഷിക്കും. സ്കൂൾ പറമ്പിൽ ജൈവവൈവിധ ഉദ്യാനം.

പൊതു പരീക്ഷകളിൽ എസ്.എസ്.എൽ.സിക്കും പ്ലസ്ടുവിനും നാളിതുവരെ വളരെ നല്ല വിത്ധയശതമാനം നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 14 വർഷമായി തുടർച്ചയായി, എസ്.എസ്.എൽ.സിക്ക് 100% വിജയം കൈവരിക്കാൻ കഴിഞ്ഞു. കാല കായികരംഗങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ ഉപജില്ലാ, ജില്ലാ തലങ്ങളിൽ മികവ് പുലർത്തിയിട്ടുണ്ട്. ശ്രീ. എം.ബി. ഹാംസയാണ് ഇപ്പോഴത്തെ മാനേജർ ശ്രീമതി. ലൈലാകുമാരി ഹയർ സെക്കന്ററി പ്രിൻസിപ്പലും ശ്രീ. സി.ഡി. ബിജു ഹൈസ്കൂൾ വിഭാഗം ഹെഡ്മിസ്റ്ററും ശ്രീമതി പി. വീണ എൽ.പി. വിഭാഗം ഹെഡ്മിസ്ട്രസുമായി പ്രവർത്തിക്കുന്നു. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഒരുമിച്ച് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ ഭാവിയിലേക്കുള്ള നിർണ്ണായകമായ യാത്രയിൽ അവർക്ക് സുരക്ഷിതവും സന്തോഷപ്രദവുമായ ഒരു പഠനാനന്തരീക്ഷം പി.ടി.എ.യും ഒരുമിച്ച് പ്രവർത്തിക്കുന്നു.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബുകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിലെ ബന്ധിപ്പിക്കുന്നു.

## പരിമിതികൾ

പ്രവർത്തനങ്ങളിലൂടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

# അക്കാദമികം

നേട്ടങ്ങൾ

തൃശ്ശൂർ ജില്ലയിൽ കൂടുതൽ ഫുൾ എ പ്ലസ് നേടുന്ന വിദ്യാലയങ്ങളിൽ ഒന്നായി മാറാൻ കഴിഞ്ഞു. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. ആധുനിക രീതിയിലുള്ള കംപ്യൂട്ടർ ലാബ്, ഹൈടെക് ക്ലസ് മുറികൾ നിർമ്മിക്കാൻ കഴിഞ്ഞു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. കലോത്സവ വേദികളിൽ കുട്ടികളെ നല്ല രീതിയിൽ പരിശീലിപ്പിക്കുകയും ജില്ലാതലത്തിൽ സമ്മാനത്തിനർഹരാക്കുകയും ചെയ്തു. വൈവിദ്ധ്യമാർന്നതും ജ്ഞാനവിഭജനം പകരുന്നതുമായ വിശാലമായ ലൈബ്രറി സജ്ജീകരിക്കാൻ കഴിഞ്ഞു. നവീകരിച്ച ബാസ്ക്കറ്റ്ബോൾ കൊർട്ടും, കളിസ്ഥലവും ഐ.ടി. സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ക്ലാസ്മ മുറികൾ, ചാലക്കുടി, കറുകുറ്റി, മേലൂർ, പുളിയനം, അന്നമനട, തുടങ്ങിയ ഭാഗത്തേക്ക് സംബന്ധിച്ചിട്ടുള്ള സ്കൂൾബാഗ് സൗകര്യം ലഭ്യമാക്കി. പഠനയാത്രകൾ, ശുചീകരിച്ച കുടിവെള്ള സംവിധാനം ഓരോ നിലകളിലും കുട്ടികളുടെ സൗകരാർത്ഥം സ്ഥാപിച്ചു. സജീവമായ ക്ലബ് പ്രവർത്തനങ്ങൾ, കൃഷി ഔഷധ തോട്ടങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കി.

സ്പോർട്സ് തലത്തിൽ കുട്ടികൾക്ക് മികച്ച പരിശീലനം കൊടുത്ത് കുട്ടികളുടെ നിലവാരം ഉയർത്താൻ കഴിഞ്ഞു. സ്കൂൾ ഇന്നോവേഷൻ മാരത്തോന്റെ ഭാഗമായി പ്ലസ് ടു തലത്തിൽ സെലക്ഷൻ ലഭിച്ചു.

# അക്കാദമികം

**പരിമിതികൾ**

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ വിജയം നേടുന്നു എങ്കിലും എല്ലാ ക്ലാസ്മുറികളിലും (യു.പി.) ഹൈടെക് നിലവാരത്തിലേക്കുയർനിന്ല്ല എന്നത് പരിമിതിയാണ്. ചില ക്ലാസ് മുറികൾ ടൈസ് പാതി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ബയോളജിയും പ്രത്യേകമായി ലാബുകൾ ഇല്ല ഹൈസ്ക്കൂൾ തലത്തിൽ ഗണിതലാബ് സൗകര്യം ഇല്ല എന്നത് ഒരു പരിമിതിയാണ്.

# യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ മാമ്പ്ര

പാഠ്യപദ്ധതിയെ മുൻ നിറുത്തി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളെകൂടി പരിഗണിച്ച് വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിക്കുതകും വിധമുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഈ വർഷം മുന്നോട്ട് വയ്ക്കുന്നത്. മേൽപ്പറഞ്ഞ എല്ലാ പിന്തുണാ സംവിധാനത്തിലും സജീവമായി ചർച്ച ചെയ്ത് അംഗീകരിച്ച് പദ്ധതികളാണ് ഇതിൽ പറഞ്ഞീട്ടുള്ളത്

**ഭൗതികം – നേട്ടങ്ങൾ**

ഹൗസ്ക്കൂളിൽ നിലവിലുള്ള 9 ക്ലാസ്സ്മുറികളിൽ 8 എണ്ണവും ഹൈടെക്ക് നിലവാരത്തിലുള്ളവയാണ് കുട്ടികൾക്ക് വായനക്ക് ആവശ്യമാ പുസ്തകങ്ങൾ display ചെയ്യാവുന്ന ഒരു ലൈബ്രറിയും ഇരുന്നുവായിക്കാൻ റീഡിംഗ് റൂം ഒരുക്കിയിട്ടുണ്ട്.

15 കമ്പ്യൂട്ടറുകൾ ഉള്ള HS IT ലാബ് സ്കൂളിന്റെ മറ്റൊരു നേട്ടമാണ്. നല്ല രീതിയിൽ പരീക്ഷണങ്ങൾ ചെയ്യാവുന്ന ഒരു ശാസ്ത്രലാബും അനുബന്ധ സ്റ്റോർ മുറിയും ഒരുക്കിയിട്ടുണ്ട്.

കുട്ടികളുടെ ആവശ്യാനുസരണം വിശാലമായ കളിസ്ഥലം ഉണ്ട്. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള ശൗചാലയങ്ങൾ ഉണ്ട്. ഭിന്നശേഷികുട്ടികൾക്കായി റാമ്പുകൾ പിടിപ്പിച്ച നടപ്പാതകൾ ഉണ്ട്.

യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ ബസ് കൾ ഏർപ്പാടാക്കിയിട്ടുണ്ട്. ക്ലാസ്സ് റൂം ആകർഷകമാക്കാൻ വേണ്ടി UP Class മുറികളുടെ പുറത്ത് ആകർഷകമായ ചിത്രങ്ങൾ വരച്ചചേർത്തിട്ടുണ്ട്. വിശാലമായ സ്കൂൾ മുറ്റം നിറയെ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അസംബ്ലിയിൽ നിൽക്കുന്ന കുട്ടികൾക്ക് തണലേകും വിധം അവ വളർന്നിട്ടുണ്ട്.

സ്കൂൾ കുട്ടികളുടെ സൈക്കിൾ പാർക്ക് ചെയ്യാൻ വേണ്ടി സൈക്കിൾ ഷെഡ് നിർമ്മിച്ചിട്ടുണ്ട്. ബെഞ്ച് ഡെസ്ക് എന്നിവയും ഫാനുകളും ഓരോ ക്ലാസ്സിനും അലമാരികളും ഉണ്ട്.

Boys toilet ലേക്ക് പോകാനുള്ള  വഴി ടൈലുകൾ ഇട്ട് ഭംഗിയാക്കിയിട്ടുണ്ട്. പ്രധാനാധ്യാപകന്റെ അറിയിപ്പുകൾ ഓരോ ക്ലാസ്സിലേക്കും കേൾകത്തക്ക രീതിയിൽ Class മുറികളിലും staff room ലും വരാന്തയിലും സ്പീക്കർ ഘടിപ്പിച്ചിട്ടുണ്ട്. School ൽ electric bell സംവിധാനം ഒരുക്കിയിട്ടുണ്ട്.

കുടിവെള്ളത്തിനായി സ്കൂൾ അങ്കണത്തിൽ കമ്പിവലകൊണ്ട് മൂടിയ കിണർ ഉണ്ട്.

**ഭൗതികം- പരിമിതികൾ**

UP Class കളിൽ എല്ലാം Projector സൗകര്യം ഒരുക്കണം ഉച്ചഭക്ഷണം പാകം ചെയ്യാനുള്ള സൗകര്യവും Dining hall ഉം ആവശ്യത്തിന് washing tap കളും നിർമ്മിക്കണം Aravic, Urdu, Sanskrit എന്നിവയും, ഭിന്നശേഷി സൗഹൃദത്തിനും class room നിർമ്മിക്കണം. lab ഉപകരണങ്ങൾ കൂടുതൽ ആവശ്യമുണ്ട്. I.T. lab ലെ കമ്പ്യൂട്ടറുകളും, ക്ലാസ് മുറികളിലെ lap top, projector എന്നിവ കേടാക്കുന്ന മുറക്ക് നന്നാക്കിയെടുക്കണം School ന് ഒരു social science lab തയ്യാറാക്കണം

| വിഷയം | U P ഗണിതം | | | | |
|---|---|---|---|---|---|
| മേഖല | UP | | | | |
| പ്രവർത്തനം | | | | | |
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | കളികളിലൂടെ ഗണിത ക്രിയകൾ ചെയ്യുന്നു (അബാക്സ് നമ്പർ കാർഡ്, ... ..... സംഖ്യകളെപിരിച്ചെഴുതി ക്രിയചെയ്യുന്ന വിധം | ജൂൺ | ഗണിത അധ്യാപകർ | |
| 2 | ഗുണനപട്ടിക ഉറപ്പു വരുത്തുന്നു | ഗുണനം എന്ന ആശയം ഉറപ്പിക്കും ആവർത്തന സങ്കലനമാണ് ഗുണനം | ജൂലൈ | | |
| 3. | ജാമിതീയ രൂപങ്ങളുടെ ചിത്രം വരയ്ക്കാൻ | അളവെടുത്ത് ജ്യാമിതീയ രൂപങ്ങൾ വരക്കുന്നു, നിർമ്മിക്കു | മാസത്തിൽ 1 പ്രാവശ്യം | | |
| 4. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് പ്രത്യക പരിശീലനം | ഗണിത ക്ലിനിക്ക് ഗണിത അധ്യാപകരും മുൻനിരയിൽ നില്ക്കുന്ന കുട്ടികളും ചേർന്ന് ആവശ്യമായ മാർഗ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നൽകുന്നു. | ആവശ്യാനുസരണം | | |

# ഉപമേഖല - സംസ്കൃതം

## പ്രവർത്തനം 1 ഭാഷാശേഷി വികസനം

| ക്രമ നമ്പർ | ലക്ഷ്യം | | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ അനായാസമായി എഴുതുവാനും വായിക്കാനുമുള്ള ശേഷി വികസം: ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.<br>2.<br>3.<br>4. | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം | 2 മാസം<br>1 വർഷക്കാലം | ഭാഷാ അദ്ധ്യാപകൻ | PTA |
| 2 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1.<br>2<br>3.. | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>ക്ലാസ്സ് നിലവാരമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>ജന്മദിന പുസ്തകം | 6 മാസം<br>1 വർഷം | ഭാഷാ അദ്ധ്യാപകൻ | PTA |
| 3. | വർഗ്ഗശേഷി | 1.<br>2. | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ് | വർഷത്തിൽ 1 തവണ | ഭാഷാ അദ്ധ്യാപകൻ | PTA |

# ഉപമേഖല

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പത്രവായന പരിപോഷിക്കൽ | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ, ഓരോ ക്ലാസിനും ഓരോ പാത്രം പത്രകഠീസ് | 3 മാസം<br><br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻചാർജ്ജ്<br><br>ഭാഷാ അദ്ധ്യാപകൻ | PTA |

| | | | | | |
|---|---|---|---|---|---|
| വിഷയം | | ഭൗതിക ശാസ്ത്രം | | | |
| മേഖല | | ശാസ്ത്രം | | | |
| പ്രവർത്തനം | | | | | |
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | കുട്ടികളിൽ ശാസത്രാഭിരുചി വളർത്തൽ | അൾട്രാ സോണിക് തരംഗങ്ങളും അവയുടെ ഉപയോഗവും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ പേപ്പർ തയ്യാറാക്കി അവതരിപ്പിക്കുന്നു | ജൂലൈ | ക്ലാസ്സ് x വിദ്യാർത്ഥികൾ | PTA |
| 2 | മോഡൽ നിർമ്മാണം | Newton's colour disc നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നു | സപ്തംബർ | പത്താം ക്ലാസിലെ വിദ്യാർത്ഥികൾ | PTA അദ്ധ്യാപകർ |
| 3. | ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പിക്കൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക്പരമാവധി പ്രത്സാഹനം നൽകൽ | 4 മാസം ജൂൺ ജൂലൈ ആഗസ്റ്റ് സെപ്തംബർ | 8,9,10 വിദ്യാർഥികൾ | PTA അദ്ധ്യാപകർ |
| 4. | ഷീൽഡ് ട്രിപ്പ് | Science Centre സന്ദർശനം | ഒക്ടോബർ | Science Club വിദ്യാർത്ഥികൾ | PTA |
| 5. | ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | അക്കാദമിക വർഷം | Science Club | SRG Science teackerd |

| | | | | | |
|---|---|---|---|---|---|
| വിഷയം | | കെമിസ്ട്രി | | | |
| മേഖല | | ശാസ്ത്രം | | | |
| പ്രവർത്തനം | | | | | |
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | കുട്ടികളിൽ ശാസത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൽ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി<br>❖ പദാർത്ഥങ്ങളുടെ സവിശേഷതകൾ ഗ്രൂപ്പ് പ്രവർത്തനം<br>❖ കണികാ ക്രമീകരണത്തിന്റെ ചിത്രീകരണം (ict)<br>❖ മിശ്രിതത്തിലെ ഘടകങ്ങൾ വേർതിരിക്കാനുള്ള മാർഗ്ഗങ്ങൾ<br>❖ വിവിധതതം രാസപ്രവർത്തനങ്ങളെ തിരിച്ചറിയൽ<br>$N_o$+$H_2O$, Mg+ HCl, KMAo4 + heat<br>➢ വൈദ്യുത രാസപ്രവർത്തനങ്ങൾ ചെരുനാരങ്ങാ ബാറ്ററി പരീക്ഷണം<br>➢ വൈദ്യുത ലേപനം പരീക്ഷണം<br>➢ $N_a$+Cu, Mg തുടങ്ങിയ ലോഹങ്ങൾ ജലവുമായി, HCl ലോഹകക്ഷ്ണങ്ങൾ അടിച്ചു പരത്തി നോക്കുന്ന പരീക്ഷണം | വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചർ | സയൻസ് ക്ലബ്ബ് |
| 2. | പിരീയോഡിക് ടേബിൾ പരിചയപ്പെടുത്തൽ | വിവിധ മൂലകങ്ങളുടെ പ്രതീകങ്ങൾ, പ്രത്യേകതകൾ, അറ്റോമിക നമ്പർ, ക്ലാസ് നമ്പർ, ഇലക്ടോൺ വിന്യാസം ഉപയോഗിച്ച് പിരീയഡ്, ഗ്രൂപ്പ് ബ്ലോക്ക് കണ്ടേത്തൽ<br><br>കുട്ടികൾ തയ്യാറാക്കുന്ന | June to March<br><br>6 മാസം | സയൻസ് ടീച്ചർ<br><br>സയൻസ് | സയൻസ് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 3. | ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | | ടീച്ചർ | സയൻസ് ക്ലബ്ബ് |
| വിഷയം | | ശാസ്ത്രം | | | |
| മേഖല | | ജീവ ശാസ്ത്രം | | | |
| പ്രവർത്തനം | | | | | |
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | കൃഷിയുടെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടൽ | കൃഷിയുടെ നൂതന സാങ്കേതിക വിദ്യകൾ ഉൾകൊള്ളുന്ന documentary | ജൂൺ | Class VIII A& B Science Club | Science Club |
| 2 | ജൈവ വൈവിധ്യം തിരിച്ചറിയൽ | സ്കൂൾ പരിസരത്തെ സസ്യങ്ങളുടെ പട്ടിക തയ്യാറാക്കി ഹെർബേറിയം നിർമ്മിക്കുന്നു, പ്രദർശിപ്പിക്കുന്നു, സസ്യഉദ്യാനം/മിയാവാക്കി വനം സന്ദർശിക്കൽ | ജൂലൈ മതൽ 6 മാസത്തേക്ക് | Class VIIIA& B | PTA അദ്ധ്യാപകർ |
| 3 | ലഹരിക്കെതിരായി പോരാടുന്നതിന് കുട്ടികളെ തയ്യാറാക്കുന്നതിന് | ❖ Poster നിർമ്മാണം<br>❖ ലഹരി വിരുദ്ധ പ്രതിജ്ഞ<br>❖ flash Mob<br>❖ പ്രഗൽഭരുടെ ക്ലാസ്സ് | ജൂൺ മതുൽ മാർച്ച് വരെ | Class IX A& B | PTA |
| 4 | പോഷകാഹാരത്തിന്റെ ആവശ്യകത, പോഷണത്തിന്റ പ്രാധാന്യം എന്നിവ ബോധ്യപ്പെടുത്തുന്നതിന് | പോഷകാഹാര ചാർട്ട് നിർമ്മാണം, പ്രദർശനം<br><br>പോഷക സമ്പുഷ്ടമായ ഭക്ഷ്യമേള സംഘടിപ്പിക്കൽ | ആഗസ്റ്റ് | Class IX A& B | PTA അദ്ധ്യാപകർ |
| 5 | ഗുണമേന്മയുള്ള | Grafting, Budding, Layering, | സെപ്തംബർ | Science | |

| | | | | | |
|---|---|---|---|---|---|
| 6 | സസ്യ ഉല്പാദനം<br><br>ശാസ്ത്രം അറിവുകൾ കൂടുതൽ വിവര ശേഖരണം നടത്തി രേഖപ്പെടുത്തൽ | Tissue culture, എന്നിവയിൽ പ്രായോഗിക അറിവു നേടൽ 1 day ശില്പശാല<br>ശാസ്ത്ര പതിപ്പ് നിർമ്മാണം കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കുക | Oct<br>Nov<br>Dec | അദ്ധ്യാപകൻ /Experts<br><br>ഓരോ ക്ലാസിലേയും തെരഞ്ഞുത്ത കുട്ടികൾ | Science Club PTA<br>അദ്ധ്യാപകർ<br><br>Science Club PTA |

| | |
|---|---|
| വിഷയം | English |
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷ കേൾക്കുന്ന വ്യായാമങ്ങൾ വഴി കുട്ടികളിൽ താൽപര്യവും ഓർമശേഷിയും വളർത്തുക | English story talking ( Audio/Video Format)<br>Ex: little red riding hood, The thirsty crow<br>❖ listening and responding Teach classroom instruction in English and check understanding<br>❖ Daily English Phrases : Good morning, May I come in<br>❖ Follow me if you can ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർ്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | June | English teachers | |
| 2 | ചെറിയ സംഭാഷണ ങ്ങളിലൂടെ അവതരണ ങ്ങളിൽ ആത്മവിശ്വാസം വളർത്തുക | ❖ Pair speaking Introduce your friend<br>❖ Role Plays<br>❖ At the market<br>❖ At the doctor<br>❖ In the class room<br>❖ Picture talk<br>One minute talk based on a given picture<br>❖ Show and tell<br>One object talk for two or three sentences | July | English teachers | |

| | |
|---|---|
| വിഷയം | |
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഉചിതമായ വിഷയങ്ങളിൽ പുതിയ വാക്കുകൾ ഉൾക്കൊള്ളുക | ❖ Thematic word, lists (Science, food, emotions, animals)<br>❖ Word game<br>Word Bingo, Word Chains, Crossword Puzzles<br>❖ Synonyms/Antonyms Chats<br>❖ Use Word in sentences<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർ്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | August | English teachers | |
| 2 | തെറ്റ് കൂടാതെ ഭാഷ എഴുതുവാൻ പ്രാപ്തരാക്കുന്നു | ❖ Nous and verbs<br>നാമങ്ങളും ക്രിയകളും എന്താണെന്ന് ലളിതമായ ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുക<br>❖ Writing simple sentences<br>പഠിച്ച വാക്കുകളും വ്യാകരണ നിയമങ്ങളും ഉപയോഗിച്ച് വാക്യങ്ങൾ സ്വന്തമായി എഴുതാൻ പ്രേരിപ്പിക്കുക<br>❖ Speaking in a topic<br>ഇഷ്ടപ്പെട്ട മൃഗം, toys, food എന്നിവയെക്കുറിച്ച് സംസാരിക്കാൻ അവസരം നൽകുക | Septem ber | English teachers | |
| 3 | സംഭാഷണ ശേഷിയും, കഥാരചനയും | ❖ Role play- ലളിതമായ സാഹചര്യങ്ങൾ നൽകി role play ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഇത് സ്വാഭാവികമായി സംസാരിക്കാൻ സഹായിക്കും.<br>❖ Creating short stories<br>ചിത്രങ്ങൾ നൽകി അവ ഉപയോഗിച്ച് ആരു ചെറിയ കഥEnglish ൽ ഉണ്ടാക്കാനും, പറയാനും പ്രേരിപ്പിക്കുക | Oct | English teachers | |

| | |
|---|---|
| വിഷയം | |
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | English ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തുക | ❖ Adjectives ആളുകളെയും വസ്തുക്കളെയും വിവരിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടുത്തുക<br>❖ Short poems ലളിതമായ കവിതകൾ വായിക്കുകയും സ്വന്തമായി കവിതകൾ എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക<br>❖ Describing people and places Family members നെകുറിച്ചോ ഇഷ്ടപ്പെട്ട സ്ഥലത്തെകുറിച്ചോ വിവരിക്കാൻ ആവശ്യപ്പെടുക<br>❖ Mini Project My home or my favourite place /animels/plants/food എന്ന വിഷയത്തിൽ ഒരു poster തയ്യാറാക്കൽ ആവശ്യപ്പെടുക അതിനെ കുറിച്ച് വാക്യങ്ങൾ പറയാനും പ്രേരിപ്പിക്കുക<br>❖ Expressing opinions- ഒരു വിഷയത്തെക്കുറിച്ച് സ്വന്തം അഭിപ്രായം ലളിതമായ വാക്കുകളിൽ പറയാൻ അവസരം നൽകുക<br>❖ Class room presentations പഠിച്ച ഒരു വിഷയത്തെക്കുറിച്ചോ, ഇഷ്ടപ്പെട്ട ഒരു പുസ്തകത്തെകുറിച്ചോ സംസാരിക്കാൻ അവസരം നൽകുന്നു.<br>❖ Discussions ലളിതമായ വിഷയങ്ങളിൽ ഗ്രൂപ്പുകളായി തിരിച്ച് English ൽ ചർച്ച നടത്താൻ പ്രോത്സാഹിപ്പിക്കുക | November | English teachers | |

| വിഷയം | |
|---|---|
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സർഗ്ഗാത്മക എഴുത്തും വായനയും | ❖ Free writing ഇഷ്ടമുള്ള ഒരു വിഷയം തെരഞ്ഞെടുത്ത് വാക്യങ്ങൾ സ്വന്തമായി എഴുതാൻ പ്രേരിപ്പിക്കുക (Eg: A day in my life, my dream vacation)<br>❖ News paper reading – കുട്ടികൾക്ക് മനസ്സിലാക്കാവുന്ന ലളിതമായ English പത്രങ്ങളിൽ നിന്നുള്ള ചെറിയ വാർത്തകൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>❖ Finding new words വായിക്കുന്ന പുസ്തകങ്ങളിൽ നിന്നും, വാർത്തകളിൽ ന്നിനും പുതിയ വാക്കുകൾ കണ്ടെത്തി അവയുടെ അർത്ഥം കണ്ടെത്താൻ ശീലിപ്പിക്കുന്നു. | January | English teachers | |
| | | ❖ Learning through games word puzzles, cross words<br>❖ Speech competitions ലളിതമായ വിഷയങ്ങളിൽ പ്രസംഗമത്സരങ്ങൾ സംഘടിപ്പിക്കുക<br>❖ Reading competition വായന മത്സരങ്ങൾ നടത്തുക<br>❖ Encouragement കുട്ടികളുടെ പുരോഗതിയെ അഭിനന്ദിക്കുകയും പുസ്തകങ്ങൾ വായിക്കാനും, English, conversations നടത്താനും പ്രോത്സാഹിപ്പിക്കുക | February | English teachers | |

| | |
|---|---|
| വിഷയം | ഇംഗ്ലീഷ് |
| മേഖല | ഇംഗ്ലീഷ് ഭാഷാ പഠനം |
| പ്രവർത്തനം | 1. ഭാഷാ ശേഷി വികസനം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2) ഇംഗ്ലീശ് ക്ലാസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ- ഇംഗ്ലീഷിൽ സെമിനാർ, ഡിബേറ്റ്, പ്രസംഗം സംഘടിപ്പിക്കൽ<br>3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അംസബ്ലി മാറി-മാറി ഓരോ ക്ലാസിനും ചുമതല | എല്ലാ ക്ലാസും<br>ആഴ്ചയിൽ ഒരു ദിവസം ഒരുവൻഷത്തേക്ക്<br>ആഴ്ചയിൽ ഒരു ദിവസം | ബന്ധപ്പെട്ട ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |

| | |
|---|---|
| വിഷയം | ഇംഗ്ലീഷ് |
| മേഖല | ഇംഗ്ലീഷ് ഭാഷാ പഠനം |
| പ്രവർത്തനം | 2.ഇംഗ്ലീഷ് തിയറ്റർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത, ഉപന്യാസ രചനാ മത്സരങ്ങൾ<br>2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം- സ്കിറ്റ്, സംഭാഷണം തുടങ്ങിയ രീതികൾ<br>3) ഇംഗ്ലീഷ് ന്യൂസ് വായന | മൂന്ന് മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ.<br>-<br>- |
| 2 | വായന പരിപോഷിപ്പിക്കൽ | ക്ലാസ്സ് ലൈബ്രേറിയിൽ ഇംഗ്ലീസ് പുസ്തകങ്ങൾ ഉൾക്കൊള്ളിക്കൽ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| 3 | കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| വിഷയം | ARABIC | | | | |
| മേഖല | അക്കാദമിക്ക് | | | | |
| പ്രവർത്തനം | 3.ഭാഷശേഷി വികസനം | | | | |
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | എല്ലാ കുട്ടികൾക്കും അറബി എഴുതുവാനും വായിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക | അക്ഷരം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കൽ<br>അറബി നിഘണ്ടുവിലെ പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു<br>എഴുത്ത് പരിശീലനം | 2 മാസം<br>1 വർഷക്കാലം | Arabic Teachers | PTA<br>DEP,SRG<br>PTA,SSA,<br>DIET,SCERT |
| 2 | എല്ലാ കുട്ടികളെയും, സ്വാതന്ത്രവായന വായനയിലൂടെ ഭാഷ ശേഷി വർദ്ധിപ്പിക്കൽ ക്ലാസുകളിൽ സാഹചര്യമൊരുക്കൽ | ക്ലാസ് തല വായന മത്സരം<br><br>അറബി പത്രവായന<br><br>കഥ, കവിത, പുസ്തകങ്ങൾ വായിക്കുന്നു. | 6 മാസം<br><br>1 വർഷം<br><br>3 മാസം | ഭാഷാധ്യാപകൻ<br>ലൈബ്രേറിയൻ<br>ഭാഷാധ്യാപകൻ | S.R.G.<br>S.M.C.<br>P.T.A. |
| 3 | എഴുത്തിലും അറബി ഭാഷ, ശേഷി വികസിപ്പിക്കും. | കൈയെഴുത്ത് മത്സരം | | ഭാഷാധ്യാപകൻ | S.R.G. |
| 4 | ഡിസംബർ 18 അറബി ഭാഷാ ദിനം ആഘോഷിക്കൽ | പോസ്റ്റർ- വീഡിയോ പ്രദർശനം - അറബിക് മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ 1<br><br>മാസത്തിൽ 1 | S.R.G. | P.T.A |

| | |
|---|---|
| വിഷയം | ഉറുദു |
| മേഖല | അക്കാദമിക്ക് |
| പ്രവർത്തനം | 4.ഭാഷശേഷി |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലോക ഭാഷ എന്ന നിലയിൽ ഉറുദു ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക | ❖ തെരഞ്ഞെടുക്കുന്ന ഉറുദു പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉറുദു ലൈബ്രേറി ഒരുക്കൽ<br>❖ വായനയ്ക്കുള്ള കാർഡുകൾ | 3 മാസം | ഭാഷാധ്യാപകൻ SRG, ലൈബ്രേറി | PTA DEP,SRG PTA,SSA, DIET,SCERT |
| 2 | കുട്ടികളെ സ്കൂൾ കലോത്സവത്തിന് ഉറുദു ഇനങ്ങൾക്ക് സജ്ജമാക്കൽ | വിവിധ മത്സരങ്ങൾ<br>ക്വിസ്, പദ നിർമ്മാണം, പദപ്രശ്നം, മെമ്മറി പരിശോധന, പദപയറ്റ് | യഥാസമയം | മ്യൂസിക് അധ്യാപകൻ | . P.T.A. |
| 3 | ഉറുദു ഭാഷ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | ❖ കൈയെഴുത്ത് മത്സരം<br>❖ ചുമർ പത്രിക | ഒരു വർഷം | ഭാഷാധ്യാപകൻ | S.R.G. |

| | |
|---|---|
| വിഷയം | ഹിന്ദി |
| മേഖല | യു.പി. ഹിന്ദി |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | U.P.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് അക്ഷരമാല പ്രദർശനം<br>❖ വായനയ്ക്കുള്ള കാർഡുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 2 | ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തര പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ കാണിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 3 | വീട് ഒരു പരീക്ഷശാല ( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 4 | ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കു. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കാം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |

| | |
|---|---|
| വിഷയം | Hindi |
| മേഖല | Academic Master Plan |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉണ്ടാക്കുക | 1) കുട്ടിയുടെ നിലവാരം കണ്ടെത്തി പരിപോഷിപ്പിക്കാൻ പ്രീ ടെസ്റ്റ് നടത്തുന്നു.<br>2) ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷമാക്കുകയും ചെയ്യുക<br>3) ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>4) ഹിന്ദി നാടകം നടത്തുക<br>5) ഹിന്ദിയിലുള്ള ഡയറികുറിപ്പുകൾ, ജീവനികൾ കവിതകൾ, എന്നിവ വായിച്ച് അതിന്റെ പുറം താൾ കുറിപ്പ് എഴുതാൻ ശീലിപ്പിക്കുക<br>6) ഹിന്ദി കഥകൾ, സിനിമ, ഡോക്യുമെന്ററി കാണാനുള്ള അവസരം സൃഷ്ടിക്കുക<br>7) വാർത്തകൾ കാണാനുള്ള അവസരം | 2 മാസം<br><br>ആവശ്യമനുസരിച്ച് | ഹിന്ദി അധ്യാപകൻ<br><br>ഹിന്ദി അധ്യാപകൻ | പി.ടി.എ. സ്പോൺസർഷിപ്പ് |

| വിഷയം | മലയാളം UP |
|---|---|
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ ചിത്രം നൽകി കഥപറയൽ | ഒരു വർഷം | ഭാഷാധ്യാപകൻ | SRG PTA DIET |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് ലൈബ്രറി ആസ്വദനക്കുറിപ്പ് തയ്യാറാക്കൽ വായനക്കുറിപ്പ്-പതിപ്പ് | ഒരു വർഷം | ഭാഷാധ്യാപകൻ ലൈബ്രേറിയൻ | SRG PTA |
| 3 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും | വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം ക്ലാസ് സഭ ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂലൈ ആഗസ്റ്റ് | അധ്യാപകർ IEDSS | SRG PTA |
| 4 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം | എന്റെ അവധിക്കാലം അവധിക്കാല അനുഭവം വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ ജൂലൈ | അലയാള അധ്യാപകർ | |
| 5 | പഠിതാവിൽ അർത്ഥസമ്പൂർണ്ണമായ വായന ഉറപ്പു വരുത്തുക | എല്ലാ ദിവസവും കുട്ടികൾക്ക് ഓരോ ക്ലാസിലും പത്രം ലഭ്യാമാക്കി വായനയ്ക്ക് അവസരം നൽകുന്നു. | വർഷം മുഴുവൻ | മലയാള അധ്യാപകർ | വിവിധ ഏജൻസികൾ |
| 6 | പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | വർഷം മുഴുവൻ | പിടി.എ. സ്കൂൾ | പി.ടി.എ. |

| വിഷയം | മലയാളം HS |
|---|---|
| മേഖല | അക്കാദമിക് |
| പ്രവർത്തനം | ഭാഷാശേഷി വികസനം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യ നിർമ്മാണം | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ<br>SRG | PTA Dept |
| 2 | എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാകുക | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3.പുതുവർഷം, പുസ്തക വർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസിലെയും വായനാ ലക്ഷ്യം തീരുമാനിക്കുക)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7. റീഡിംങ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8. വായനോത്സവം<br>9. പത്രവായന | 6 മാസം ഒരു വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം ഒരു വർഷം | വിദ്യാരംഗം ചാർജ്ജ് മലയാളം ടീച്ചർ | |
| 3 | പത്ര-വായന പരിപോഷിപ്പിക്കുക | പത്രവായന- പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കാൻ<br>ഓരോ ക്ലാസിനും ഓരോ പാത്രം<br>രാവിലെ പ്രധാനപത്ര വാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്ജ്<br>മലയാള അധ്യാപകർ | PTA<br>PTA |
| 4 | സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യ ക്വിസ് - രചനാ<br>ശില്പശാല (കവിത, കഥ) | വർഷത്തിൽ,<br>മാസത്തിൽ,<br>1 തവണ | SRG<br>വിദ്യാരംഗം | PTA<br>PTA<br>PTA |

| വിഷയം | മലയാളം |
|---|---|
| മേഖല | അക്കാദമിക് |
| പ്രവർത്തനം | ഭാഷാശേഷി വികസനം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | | കവിതാലാപന മത്സരം<br>സാഹിത്യക്കാരനുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികളുടെ വശം കൊടുത്തുവിടൽ ) | വർഷത്തിൽ 1<br>ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം<br>വിദ്യാരംഗം<br>SRG<br>വിദ്യാരംഗം | PTA |

| | |
|---|---|
| വിഷയം | ഗണിതം |
| മേഖല | ഹൈസ്ക്കൂൾ ഗണിതം |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണക്കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | ഗണിത ടീച്ചർ<br>മുന്നോക്കം നിൽക്കുന്ന കുട്ടികൾ | Teacher's grant |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | Instrument box ന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച്ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | Field trip സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ<br>PTA | PTA |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു club പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | Academic വർഷത്തിൽ ഒന്ന് | ഗണിത ടീച്ചർ<br>ഗണിതണ club | PTA |
| 5 | ഗണിത മത്സരവേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത club പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | club secretary<br>അധ്യാപകർ<br>PTA | PTA |

| വിഷയം | IT |
|---|---|
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ വിഷയങ്ങളിൽ IT സമന്വയിപ്പിച്ച് പഠനം ഫലപ്രദവും ആകർഷവുമാക്കൽ | ❖ ഡാറ്റാ വിശകലനവും ഗ്രാഫിംഗും വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള ഒരു വിഷയത്തെക്കുറിച്ച് ഡാറ്റ ശേഖരണം ശേഖരിച്ച ഡാറ്റ ഉപയോഗിച്ച് ബാർഗ്രാഫുകൾ, ലൈൻ ഗ്രാഫ്റ്റുകൾ നിർമ്മിക്കാൻ പഠിപ്പിക്കുന്നു. ഗ്രാഫുകൾ വിശകലനം ചെയ്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. Geogebra, Phet തുടങ്ങിയ tool കൾ ഉപയോഗിക്കുന്നു. | June July | Teachers | PTA Dept |
| | | ❖ വെർച്ചൽ പരീക്ഷണങ്ങളും സിമുലേഷനുകളും Phet interactive simulations പോലുള്ള website കൾ ഉപയോഗിച്ച് ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, എന്നിവയിലെ അടിസ്ഥാന ആശയങ്ങൾ പഠിപ്പിക്കുക | August September | Teachers | |
| | | ❖ സർഗ്ഗാത്മക രചനയും അവതരണവും ചെറുകഥയോ, കവിതയോ എഴുതാൻ ആവശ്യപ്പെടുക രചനകൾക്ക് അനുയോജ്യമായ ചിത്രങ്ങൾ Online ൽ നിന്ന് കണ്ടെത്താൻ പഠിപ്പിക്കുക Online dictori കളും, തർജ്ജമടൂളുകളും ഉപയോഗിച്ച് ഭാഷാപരമായ സംശയങ്ങൾ ദൂരികരിക്കാൻ പഠിപ്പിക്കുക | October November | Teachers | |
| | | ❖ Digital mapping സംഭവങ്ങളെ കുറിച്ചുള്ള ഡോക്യുമെന്ററികൾ കാണുക ❖ സൈബർ സുരക്ഷയെക്കുറിച്ചു Online പെരുമാറ്റ ചട്ടങ്ങളെകുറിച്ചും ബോധവൽക്കരണം | December January | Teachers | |

| | |
|---|---|
| വിഷയം | സോഷ്യൽ സയൻസ് |
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജനാധിപത്യപരമായ ജീവിതസമാപനംരൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള ക്ലാസ്തല സ്ക്കൂൾ തല തെരഞ്ഞെടുപ്പ് | വർഷത്തിൽ ഒരു തവണ | SS അധ്യാപകർ സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |
| 3 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിത്ത് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാരമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | വിവര വിനിമയ വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലിസന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാരമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | പഠനയാത്രകളിലൂടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ട് മനസിലാക്കുന്നു. | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്ര നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | SS ടീച്ചേർഴ്സ് | P.T.A. |
| 7 | സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ, പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ, വിവരങ്ങൾ അപഡേറ്റ് ചെയ്ത് ഒട്ടിക്കൽ | ഒരു വർഷം | SS ടീച്ചേർഴ്സ് | |

# ഉപമേഖല : കായികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കായിക അഭിരുചി അറിഞ്ഞ്, മത്സരങ്ങളിൽ ഉയർന്ന വിജയം നേടുക | സ്കൂളിൽ കായികമേള നടത്തി അതിൽ കഴിവ് തെളിയിച്ചവർ പ്രത്യേക പരിശീലനം നൽകി സബ്ജില്ല, ജില്ല.... തുടങ്ങിയവയിൽ പങ്കെടുപ്പിച്ച് Higher level ൽ എത്തിക്കാൻ പ്രയത്നിക്കുന്നു | ജൂൺ - മാർച്ച് | കായികാദ്ധ്യാപകൻ | P.T.A. |
| 2 | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക | Zumba Dance, Ground Works | ഒരു വർഷം | കായികാദ്ധ്യാപകൻ | |
| 3 | കുട്ടികളിൽ Football പോലുള്ള കളികളിൽ താൽപര്യം ജനിപ്പിക്കുക | Games പ്രത്യേക സെലക്ഷൻ നടത്തി നല്ലൊരു സ്ക്കൂൾ ടീമിനെ വാർത്തെടുകുക | ഒരു വർഷം | കായികാദ്ധ്യാപകൻ | P.T.A. |

| | |
|---|---|
| വിഷയം | |
| മേഖല | പരിസ്ഥിതി സംരക്ഷണം |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്കൂൾ മുറ്റത്തെ ഔഷധ സസ്യങ്ങൾ ഫലവൃക്ഷങ്ങൾ സംരക്ഷണം | ഔഷധസസ്യങ്ങളേയും അവയുടെ പ്രാധാന്യങ്ങളേയും തിരിച്ചറിയുന്നതിന് സ്കൂൾ മുറ്റത്തുള്ള ഒഔഷധസസ്യങ്ങൽ സംരക്ഷിക്കുകയും നെയിം ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യൽ | 6 മാസം | ഇക്കോ ക്ലബ്ബ് | പി.ടി.എ. |
| 2 | സ്കൂൾ ഗ്രൗണ്ടിലെ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | സ്കൂൾ ഗ്രൗണ്ടിൽ ഒരുക്കിയിരിക്കുന്ന ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തുന്നു. | 3 മാസം | ഇക്കോ ക്ലബ്ബ് | |
| 3 | പഠനയാത്രകളിലൂടെ പ്രകൃതിയിലെ ജൈവവൈവിധ്യം ചിരിച്ചറിയൽ | ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ നടത്തി പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നു. | വർഷത്തിൽ ഒരു തവണ | SS ടീച്ചേർഴ്സ് | പി.ടി.എ. |
| 4 | വിദ്യാലത്തെ ആരോഗ്യ ശുചിത്വ-മാലിന്യമുക്ത വിദ്യാലയമാക്കൽ | സ്കൂൾ പരിസരത്ത് ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സാഹചര്യമൊരുക്കൽ | വർഷം മുഴുവൻ | ഇക്കോ ക്ലബ്ബ് | |

## ഉപമേഖല : സ്വയം തൊഴിൽ നൈപുണി വികസനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ കൈതൊഴിൽ പരിശീലനം- തുന്നൽ, പേപ്പർ ബാഗ് നിർമ്മാണം, കരകൗശല വസ്തു നിർമ്മാണം തുടങ്ങിയവ | ആഴ്ചയിൽ ഒരു ദിവസം- ഒരു വർഷത്തേക്ക് | സീനിയർ അസിസ്റ്റന്റ് | P.T.A. |

| വിഷയം | |
|---|---|
| മേഖല | അക്കാദമികം |
| ഉപമേഖല | പ്രവൃത്തിപരിചയം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷ- മാനവിക- ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക | ❖ ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>❖ തെരഞ്ഞെടുക്കുന്നവർക്കെല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ രണ്ടു ദിവസം | വർക്ക് എക്സ്പിരിയൻസ് ടീച്ചർ | SRG<br>PTA |
| 2 | ഉപജില്ല- ജില്ല- സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | ❖ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഒഴിവു ദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | ആഴ്ചയിൽ രണ്ട് ദിവസം | വർക്ക് എക്സ്പിരിയൻസ് ടീച്ചർ | SRG<br>PTA |

<table>
<tr><td colspan="2">വിഷയം</td><td colspan="4"></td></tr>
<tr><td colspan="2">മേഖല</td><td colspan="4">അക്കാദമികം</td></tr>
<tr><td colspan="2">ഉപമേഖല</td><td colspan="4">ORC Training</td></tr>
<tr><td>ക്രമ നമ്പർ</td><td>ലക്ഷ്യം</td><td>പ്രവർത്തനം</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തികം</td></tr>
<tr><td>1<br>2<br>3<br>4<br>5<br>6</td><td>സേവനഭാവം വളർത്തുക<br>ശാരീരികവും മാനസികവുമായ ശാക്തീകരണം<br>കൂട്ടായ്മയുടെ ബോധം വളർത്തുക<br>നേതൃത്വ കഴിവുകൾ വളർത്തുക<br>പരിസ്ഥിതി ബോധം വർദ്ധിപ്പിക്കുക<br>ആത്മവിശ്വാസം വർദ്ധിപ്പിക്കുക</td><td>❖ പ്രഭാത പരേഡ്<br>❖ ശാരീരിക പരിശീലനം<br>❖ പ്രഭാത ഗാനങ്ങൾ<br>❖ നേതൃത്വ പരിശീലനം<br>❖ ഗ്രൂപ്പ് ചർച്ചകൾ<br>❖ (സാമൂഹിക വിഷയങ്ങൾ)<br>❖ സേവന പ്രവർത്തനം (ക്ലാസ്മുറി ശുചിത്വം, ദേശസ്നേഹം, പൗരബോധം, സാമ്പത്തിക നിയന്ത്രണം തുടങ്ങിയവയിൽ ക്ലാസുകൾ)</td><td>ആഴ്ചയിൽ രണ്ടു ദിവസം<br>ദിവസം തോറും<br>മാസത്തിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരു ദിവസം</td><td>ORC അധ്യാപികമാർ<br>ORC അധ്യാപികമാർ</td><td>SRG PTA<br>SRG PTA</td></tr>
</table>

# ORC TRAINING

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | | ❖ സാംസ്കാരിക പ്രവർത്തനങ്ങൾ (പാട്ട്, നൃത്തം, മുശാറ) | വർഷത്തിൽ 2 പ്രാവിശ്യം | ORC അധ്യാപികമാർ | s#mSRG PTA |

| | | | | | |
|---|---|---|---|---|---|
| വിഷയം | | | | | |
| മേഖല | അക്കാദമികം- സാമൂഹികം | | | | |
| ഉപമേഖല | CPTA ശക്തിപ്പെടുത്തൽ | | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്താൻ കുട്ടികളുടെ പഠനനേട്ടങ്ങൾ പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ | ഒരു വർഷത്തിൽ<br>മൂന്ന് മാസത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ | SRG PTA |

| | |
|---|---|
| വിഷയം | |
| മേഖല | അക്കാദമികം- സാമൂഹികം |
| ഉപമേഖല | CPTA പ്രാദേശിക പി.ടി.എ. (കോർണർ പി.ടി.എ) |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | CPTA പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLC ക്ക് മികച്ച വിജയം നേടുന്നതിന് 10 -ാം തരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം<br>തുടക്കത്തിൽ ഡിസംബർ ജനുവരി മാസങ്ങളിലും | PTA SRG | |

| വിഷയം | |
|---|---|
| മേഖല | ദിനാചരണങ്ങൾ |
| പ്രവർത്തനം | CPTA പ്രാദേശിക പി.ടി.എ. (കോർണർ പി.ടി.എ) |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ ശേഷികളുടെ വികസനം | June-5 ലോക പരിസിഥിതി ദിനം :-<br>• അസംബ്ലി<br>• പരിസ്ഥിതി ദിന പ്രതിജ്ഞ<br>• പരിസ്ഥിതി ദിന സന്ദേശം<br>• വിദ്യാവനത്തിൽ ചെടികൾ നടുന്നു<br>• Poster- നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു | ജൂൺ | X A Class | PTA |
| 2 | കുട്ടികളിൽ വായനയുടെ പ്രാധാന്യ ഉറപ്പിക്കുന്നതിന് | June -19<br>• അസംബ്ലി<br>• വായനാ ദിന പ്രതിജ്ഞ<br>• പ്രസംഗം<br>• പി.എൻ. പണിക്കർ അനുസ്മരണം<br>• വായനാ ദിന ക്വിസ്<br>• ചാർട്ട് നിർമ്മാണ മത്സരം<br>• വായനാമൂല ഒരുക്കൽ ക്ലാസ് തലത്തിൽ | ജൂൺ | X B & C Class | അധ്യാപകർ റോട്ടറി ക്ലബ് |
| 3 | കുട്ടികളിൽ ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കൽ | June -21<br>• Special Assembly<br>• യോഗങ്ങളുടെ മേന്മകൾ ബോധ്യപ്പെടുത്തുന്നു.<br>• Demonstartion Class | ജൂൺ | IX A Class | |

| | | | | | |
|---|---|---|---|---|---|
| 4 | ലഹരി വിമുക്ത തലമുറയെ വാർത്തെടുക്കുന്നതിന് | June-26 ലഹരിവിരുദ്ധദിനം :-<br>• ലഹരി വിരുദ്ധ പ്രതിജ്ഞ<br>• ലഹരി വിരുദ്ധ പോസ്റ്റർ<br>• ലഹരി വിരുദ്ധ ചാർട്ട് | ജൂൺ | IX A Class | PTA |
| 5 | ബഹിരാകാശത്തെകുറിച്ച് ജിജ്ഞാസയും അറിവും വർദ്ധിപ്പിക്കുന്നതിന് | June -21 ;ചാന്ദ്രദിനം<br>• ചാർട്ട് നിർമ്മാണം<br>• കൊളാഷ് നിർമ്മാണം<br>• Quiz<br>• പ്രസംഗം | ജൂലൈ | VIII A Class | Science Club |
| 6 | യുദ്ധവിരുദ്ധ മനേഭാവം കുട്ടികളിൽ വളർത്തുന്നതിന് | August -06 ഹിരോഷിമ ദിനം<br>• യുദ്ധവിരുദ്ധ പ്രതിജ്ഞ<br>• പോസ്റ്റർ<br>• യുദ്ധ വിരുദ്ധ റാലി<br>• പ്രസംഗ മത്സരം | ആഗസ്റ്റ് | VIII B& C Class | PTA |
| 7 | ഹൃദയാരോഗ്യത്തിന്റ പ്രാധാന്യം മനസ്സിലാക്കുന്നതിന് | Sepetember 29<br>ലോക ഹൃദയദിനം<br>• ഹൃദയാരോഗ്യ വിദ്യാഭ്യാസം നല്കുന്നു<br>• ഹൃദയാരോഗ്യം കൂട്ടുന്നതിനായുള്ള എക്സസൈസ് ശീലിപ്പിക്കുന്നു. | സെപ്തംബർ | VII A | Science Club |
| 8 | ഭൗമസംരക്ഷണത്തിന്റ പ്രാധാന്യം മനസ്സിലാക്കുന്നതിന് | Sepetember 29 –ഓസോൺ ദിനം<br>• ചുമർ പത്രിക<br>• Awareness class<br>• മരം നട്ടുപിടിപ്പിക്കൽ | സെപ്തംബർ | VII A | Science Club<br>അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 9 | ഗാന്ധിയൻ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും സേവനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുന്നതിനും | October-26 ഗാന്ധിജയന്തി :-<br>• പ്രസംഗ മത്സരം<br>• ചിത്ര രചന മത്സരം | ഒക്ടോബർ | VII B Class | Old student PTA |
| 10 | ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്നതിനു ം ശാസ്ത്രജിജ്ഞാസ വളർത്തുന്നതിനും | November 10 ;ലോക ശാസ്ത്ര ദിനം<br>• Assembly<br>• പ്രസംഗം<br>• Poster | നവംബർ | VI B Class | അധ്യാപകർ Science Club |
| 11 | ജവഹർലാൽ നെഹ്റുവിനെ അനുസമരിക്കുന്നതി നും ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനും | November 14 - ശിശദിനം<br>• പ്രസംഗം<br>• Poster | നവംബർ | V B Class | PTA Old student അധ്യാപകർ |
| 12 | ഹിന്ദി ഭാഷയുടെ പ്രാധാന്യം പ്രചാരം ദേശീയോദ്ഗ്രഥത്തി ലുള്ള പങ്ക് എന്നിവ കുട്ടികളിൽ എത്തിക്കുന്നത് | January 10- ലോക ഹിന്ദി ദിനം<br>• ഹിന്ദി Name slip നിർമ്മാണം<br>• ഹിന്ദി സംഖ്യാ ചാർട്ട്<br>• ഹിന്ദി പോസ്റ്റർ<br>• ഹിന്ദി മുദ്രാവാക്യങ്ങളുടെ ചാർട്ട്<br>• ഹിന്ദി ചിത്രകാരന്മാരുടെ ചാർട്ട്<br>• | ജനുവരി | V A | PTA |

| | |
|---|---|
| വിഷയം | കൗൺസലിംഗ് |
| മേഖല | |
| പ്രവർത്തനം | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും വ്യക്തിത്വ വികസനവുമാണ് ലക്ഷ്യം | 1. Self Awareness Activities (സ്വയം അവബോധം)<br>2. മാനസികാരോഗ്യ ബോധവൽക്കരണം (മാനസിക സമ്മർദ്ദം, ആശങ്ക, പരീക്ഷാ ഭയം, തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ)<br>3. പഠന സഹായി പരിപാടികൾ (പഠനരീതി, സമയ നിയന്ത്രണം)<br>4. ആശയ വിനിമയം (Teacher- Parent- Counsellor – meets for specific students) | ജൂൺ മുതൽ മാർച്ച് വരെ | SRG<br>ചുമതലപ്പെടുത്തുന്ന അധ്യാപകർ | PTA |

# മേഖല - അക്കാദമികം- സാമൂഹികം

## ഉപമേഖല - CPTA ശക്തിപ്പെടുത്തൽ

PTA എന്നത് ഒരു സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരവും വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഒറ്റക്കെട്ടായിട്ടുള്ള പങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഉള്ള പ്രാധാന്യമുള്ള ഒരു ഘടനയാണ്. PTA യെ ഫലപ്രദമായി സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യാൻ ചില പ്രാഥമിക രീതികൾ പാലിക്കേണ്ടത് അത്യാവശ്യമാണ്.

നല്ല PTA സംഘടിപ്പിക്കാൻ വേണ്ട പ്രധാന രീതികൾ:-

1. ശ്രദ്ധാപൂർവ്വമായ ആസൂത്രണം
    - വാർഷിക കലണ്ടർ തയ്യാറാക്കുക- പി.ടി.എ. മീറ്റിംഗുകളുടെ തിയതികളും പ്രധാന പ്രവർത്തനങ്ങളുമുള്ള പ്ലാൻ
    - മുൻകൂട്ടി യോഗത്തിന്റെ അജണ്ട തയ്യാറാക്കുക
    - കൃത്യമായ ലക്ഷ്യങ്ങൾ നിശ്ചയിക്കുക- വിദ്യാർത്ഥി ക്ഷേമം, സൗകര്യ വികസനം, രക്ഷിതാക്കളുടെ പങ്കാളിത്തം മുതലായവ
2. ഭാരവാഹികലെ തെരഞ്ഞെടുക്കുക
    - പി.ടി.എ. യുടെ ഘടന അനുസരിച്ച് പ്രസഡിന്റ്, വൈസ്. പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി തുടങ്ങിയവരെ തിരഞ്ഞെടുക്കുക
    - ഓരോ ക്ലാസിൽ നിന്നും രക്ഷാകർത്താക്കളുടെ പ്രതിനിധികളെ തിര ഞ്ഞെടുക്കുക
3. വിശദമായ തയ്യാറെടുപ്പുകൾ
    - രക്ഷിതാക്കൾക്ക് ക്ഷണപ്രത്രം നേരത്തെ നൽകണം
    - യോഗം നടക്കാനുള്ള സ്ഥലം, സമയം എന്നിവ ക്രമീകരിക്കണം.
    - പി.ടി.എ. രജിസ്റ്റർ, മീറ്റിംഗ് മിനിറ്റ്സ് ബുക്ക് തുടങ്ങിയ രേഖകൾ ഒരുക്കണം
4. ഫലപ്രദമായ യോഗ നടത്തിപ്പ്
    - യോഗം സമയത്തിന് ആരംഭിക്കുകയും സമാപിപ്പിക്കുകയും വേണം.
    - പ്രധാന അജണ്ടാ വിഷയങ്ങൾ ചർച്ച ചെയ്യുക
    - Head Master ന്റെ അഭമുഖപ്രസംഗം, ക്ലാസ് അധ്യാപകരുടെ ക്ലാസ് പുരോഗതി റിപ്പോർട്ടുകൾ, രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുക
    - വിമർശനങ്ങൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക

5. രക്ഷിതാക്കളുടെ Active പങ്കാളിത്തം
    - രക്ഷിതാക്കൾക്ക് ചോദ്യങ്ങൾ ചോദിക്കാനും അഭിപ്രായങ്ങൾ പങ്കുവെക്കാനും അവസരം നൽകുക
    - പി.ടി.എ. യുടെ ലക്ഷ്.ം രക്ഷിതാക്കൾക്ക് വിശ്വസനീയമായി വ്യക്തമാക്കണം
6. പി.ടി.എ. ഫണ്ടിന്റെ ചിട്ടയായ ഉപയോഗം
    - പി.ടി.എ. ഫണ്ട് രൂപീകരിക്കാൻ അംഗങ്ങളുടെ അംഗീകാരം ആവശ്യമാണ്.
    - വിദ്യാർത്ഥികൾക്കുള്ള പുരസ്ക്കാരങ്ങൾ, സാന്ത്വന സഹായങ്ങൾ എന്നിവയ്ക്ക് ഫണ്ട് ഉപയോഗിക്കുക
    - Utilization report തയ്യാറാക്കി ഓരോ യോഗത്തിലും അവതരിപ്പിക്കുക
7. താത്പര്യ പരിപാടികളും പ്രവർത്തനങ്ങളും
    - ആരോഗ്. ക്ലാസുകൾ, പരിശീലനങ്ങൾ, സ്കൂൾ വികസനപരിപാടികൾ മയക്കുമരുന്നിനെതിരെ അവബോധം സൃഷ്ടിക്കാൻ ക്ലാസുകൾ എന്നിവ നടപ്പാക്കുക. സ്കൂൾ അച്ചടക്കം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യണം
8. ഫീഡ് ബാക്കും & ഫോളോ അപ്പ്
    - ഫീഡ് ബാക്ക് ഫോമുകൾ മുഖേന രക്ഷിതാക്കളുടെ അഭിപ്രായങ്ങൾ ശേഖരിക്കുക
    - അടുത്ത യോഗത്തിൽ മുൻ യോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ അവലോകനം നടത്തണം.

പി.ടി.എ എന്നത് ഒരു സ്കൂളിന്റെ ആത്മാവാണെന്നു പറയാം. രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികളുടെ വളർച്ചക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാനുള്ള ഈ വേദി നല്ല രീതിയിൽ നടത്താൻ മേൽപറഞ്ഞ രീതികൾ പിന്തുടരുന്നത് അത്യാവശ്യമാണ്. അങ്ങനെയായാൽ സ്കൂൾ സമൂഹം മുഴുവൻ ഉണ്ടാകുന്ന മാറ്റം മഹത്തായിരിക്കും.